ഉത്തരം

(എ, ബി) കേന്ദ്ര സാമൂഹ്യക്ഷേമബോർഡിന്റെ വിവിധ സഹായ പദ്ധതികൾ കേരള സംസ്ഥാന ഉപദേശക ബോർഡ് മുഖേനയാണ് നടപ്പിലാക്കി വരുന്നത്. സംസ്ഥാന ഉപദേശക ബോർഡ് നേരിട്ടാണ് കേന്ദ്ര ബോർഡിലേയ്ക്ക് പദ്ധതികൾ അയച്ചു കൊടുക്കുന്നത്.

(സി, ഡി) കേന്ദ്ര ബോർഡിലേക്ക് സംസ്ഥാന ഉപദേശക ബോർഡ് അപേക്ഷകൾ അയയ്ക്കുന്നതിന് സർക്കാരിന്റെ ശുപാർശ ആവശ്യമില്ല.

(ഇ) പ്രചാരം കൊടുക്കുന്നുണ്ട്.

(എഫ്) റസിഡന്റ് കമ്മീഷണർക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

അഗതികളുടെ ക്ഷേമത്തിനായി പദ്ധതികൾ

56 [3461] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
„ ഗിരിജാ സുരേന്ദ്രൻ:
ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഗതികളുടെ ക്ഷേമത്തിനായി കഴിഞ്ഞ രണ്ടുവർഷക്കാലത്തിനിടയിൽ ആരംഭിച്ച പുതിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഈ പദ്ധതിക്കുവേണ്ടി നീക്കിവെച്ച തുക എത്ര;

(സി) ഈ പദ്ധതികളുടെ ആനുകൂല്യം എത്ര അഗതി കുടുംബങ്ങൾക്ക് ലഭ്യമാക്കാൻ കഴിഞ്ഞു;

(ഡി) ഇവർക്കു കൊടുക്കുവാനുള്ള വിവിധതരം പെൻഷൻ കുടിശ്ശിക എപ്പോൾ കൊടുത്തു തീർക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകളും, മറ്റു സാമൂഹ്യക്ഷേമപദ്ധതികളിൽ ഉൾപ്പെടാത്തവരുമായ സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതി, അഗതികളുടെ ക്ഷേമത്തിനായി 2001-02-ൽ ആരംഭിച്ചു. ഇതിനായി 99 ലക്ഷം രൂപ നടപ്പു വർഷത്തെ ബഡ്ജറ്റിൽ നീക്കി വെച്ചിട്ടുണ്ട്. ഇതിന് 52,000 ഗുണഭോക്താക്കളുണ്ട്. അഗതികളുടെ ക്ഷേമത്തിനായി 2002-03 സാമ്പത്തിക വർഷം 25 കോടി രൂപയുടെ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ നിർദ്ദേശക ചട്ടങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതു കൂടാതെ നടപ്പു വർഷത്തിൽ സാമൂഹ്യ സുരക്ഷിതത്വ ശൃംഖല, അഗതികളുടെ പരിരക്ഷ, മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവയ്ക്കായി നടപ്പു സാമ്പത്തിക വർഷം 48 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സംസ്ഥാനത്തെ അഗതി മന്ദിരങ്ങളിലെ അന്തേവാസികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വേണ്ടി പരിശീലനം നൽകുന്ന ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിലേക്കായി 5 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. കൂടാതെ അഗതികളുടെ ക്ഷേമത്തിനായി സ്വധർഹോം എന്ന ഒരു പദ്ധതി കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കുന്താണ്.

വനിതാ വികസന കോർപ്പറേഷൻ ഏറ്റെടുത്ത പുതിയ പ്രവർത്തനങ്ങൾ

57 [3462] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ഡോക്ടർ തോമസ് ഐസക്:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ഏറ്റെടുത്ത പുതിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) കോർപ്പറേഷന്റെ കീഴിൽ ആരംഭിച്ച വിവര സാങ്കേതിക വിജ്ഞാന സൊസൈറ്റികളുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അഗതി മന്ദിരങ്ങളിലെ അന്തേവാസികളുടെ തൊഴിൽ പരിശീലനം, വിധവകൾ വിവാഹ മോചിതർ തുടങ്ങിയവർക്ക് വേണ്ടിയുള്ള സിംഗിൾ പാരന്റ് സ്കീം, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിമൻ, കോഴിക്കോട്, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, തിരൂർ, വിമൻസ് ഗസ്റ്റ് ഹൗസ്, കോഴിക്കോട് എന്നീ പദ്ധതികളാണ് കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ വനിതാ വികസന കോർപ്പറേഷൻ ഏറ്റെടുത്ത പുതിയ പ്രവർത്തനങ്ങൾ.

(ബി) വനിതാ വികസന കോർപ്പറേഷൻ, കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ മേഖലാ ഓഫീസുകൾ മുഖേന മൂന്ന് വിവര സാങ്കേതിക സൊസൈറ്റികളായിരുന്നു ആരംഭിച്ചത്. ചില സാങ്കേതിക കാരണങ്ങളാൽ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ നിർത്തി വച്ചിരിക്കുകയാണ്. സൊസൈറ്റികളുടെ പ്രവർത്തനം ആഗസ്റ്റ് മാസത്തിൽ പുനരാരംഭിക്കുന്നതാണ്.

വിധവകളുടെ ക്ഷേമത്തിനായി പ്രത്യേക സെൽ

58 [3463] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിധവകളുടെ ക്ഷേമത്തിനായി സാമൂഹ്യക്ഷേമ വകുപ്പിൽ പ്രത്യേക സെൽ ആരംഭിക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly